പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 575

28-07-2015 ൽ മറുപടിക്ക്

## കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ
ശ്രീ.സി. മോയിൻകുട്ടി
ശ്രീ.എൻ.എ. നെല്ലിക്കുന്ന്
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി എതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അഗ്രികാർഡ് വിതരണം ആരംഭിക്കുന്നതാണെന്ന് പറഞ്ഞിട്ടുള്ളത് അനുസരിച്ച് സംസ്ഥാനതല ഉദ്ഘാടനം 04-03-2014 ന് തിരുവനന്തപുരത്ത് നടന്നു. തുടർന്ന് അഗ്രികാർഡ് വിതരണത്തിനായി കനറാ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക് എന്നിവയുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. |
| (ബി) അഗ്രികാർഡ് ലഭിക്കാൻ അർഹരായ കർഷകരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര കർഷകർ ഈ വിഭാഗത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരള സംസ്ഥാന കൃഷി വകുപ്പിന്റെ ഓൺലൈൻ കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. |
| (സി) അഗ്രികാർഡുള്ളവർക്ക് അതുപയോഗിച്ച് എന്തൊക്കെ കാർഷിക സഹായങ്ങൾ നേടാമെന്നതിന്റെ വിശദവിവരം നൽകാമോ? | (സി) | അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br>• കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും.<br>• ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (crop loan)<br>• 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന് 50 ശതമാനം പലിശ സബ്സിഡി നല്കുന്നു. |

സെക്ഷൻ ഓഫീസർ